ISSN 0975 - 8658

# BASELIUS RESEARCHER

A Biannual Journal of
Interdisciplinary Studies and Research

Volume XV Number 1
January - June 2014

FIFTEENTH ISSUE

*Published on behalf of*

Baselius Research Guidance Centre
Baselius College, Kottayam
Kerala, India - 686 001

BASELIUS COLLEGE, KOTTAYAM
Affiliated to Mahatma Gandhi University
Kottayam, Kerala
NAAC REACCREDITED @ B++ LEVEL
Accredited by
International Accreditation Organization

BASELIUS RESEARCHER ISSN-0975-8658

Vol. 15 No 1
Jan-June 2014

# CONTENTS

*From the Principal's Desk*

Editorial

1. Uniform Civil Code in India: Myth or Reality ?. — *Renish Joseph* — 5
2. Global Recession 2008-11 and the Paradigm Shift in the Market Shares of LIC and Private Life Insurers in India — *Shaju M J* — 13
3. Tourism Sector in Kerala: The Economic Impact — *Bejoy D Abraham* — 19
4. Inflation Indexed Bonds for Investors' Capital Protection — *Linda George* — 26
5. Environment Degradation due to Tourism: A Case Study of Kumarakom — *Neeraja. T. S.* — 30
6. Prospects of Information Technology in Indian Banks — *Abdussalam . P. K.* — 37
7. ഉണ്ണായിവാര്യരും നളചരിതത്തിലെ കഥാപാത്ര സൃഷ്ടിയും — *Rajesh B.R* — 45
8. കളികൾ കഥകളാകുമ്പോൾ — Ancy Issac — 53
9. ഉദയംപേരൂർ സൂനഹദോസ് കാനോനകൾ: ചില സാംസ്കാരിക ചിന്തകൾ — *Jomol Jose* — 57
10. Living in "Place": The Cocept of Bioregionalism in Select Indian Novels — *Riya Susan Scariah* — 63
11. Postmodern Narrative Techniques in *Wide Sargasso Sea* in Relation to its Scenic and Psychic Settings — *Priyanka K. J* — 67
12. Paul Greengrass' *Captain Phillips:* Narrativizing the Spectacle of Panopticism — *Vimal Krishnan.* — 73
13. Transcending Duality: Third Space and Resistance in Kavery Nambisan's *Mango- coloured Fish.* — *Athira Ramachandran* — 77
14. Shifting the Contours of Reality from the Mainland to the Beach in Alex Garland's *The Beach* — *Aswathy G.* — 83
15. Poly(methyl red) Modified Glassy Carbon Electrode for the Determination of Domperidone — *Dr. Leena R* — 89
16. Laser Induced Thermal Lens Instrumentation — *Nibu B Thomas* — 95
17. Motor Learning Deficit and Cerebellar Dysfunction in Pilocarpine Induced Epileptic Rats: Effect of Bacopa monnieri and Bacoside-A — *Dr. Jobin Mathew* — 101

BASELIUS RESEARCHER
Journal of Interdisciplinary Studies and Research
Baselius College, Kottayam, Kerala, India

ISSN 0975 - 8658
Vol. XV No.1
Jan - June 2014
pp. 57-62

# ഉദയംപേരൂർ സൂനഹദോസ് കാനോനകൾ: ചില സാംസ്കാരിക ചിന്തകൾ

Jomol Jose

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ ഇന്നും അതൃപ്തിയോടുകൂടി ഓർമ്മിക്കുന്ന ഒരു സംഭവമാണ് ഉദയംപേരൂർ സൂനഹദോസ്. കുരിശുയുദ്ധങ്ങളും മാർട്ടിൻ ലൂഥർ തുടങ്ങിയ വച്ച മതനവീകരണ പ്രസ്ഥാനങ്ങളും പാശ്ചാത്യക്രൈസ്തവ സമൂഹത്തിൽ സൃഷ്ടിച്ച പ്രകമ്പനങ്ങൾ ഒന്നു പ്രത്യേകമാണെന്നും അവയിലൊന്നും ഉൾപ്പെടാതെ നിൽക്കുന്നവരാണ് കേരളത്തിലെ നസ്രാണി സമൂഹമെന്നും മിഷണറി വ്യഗ്രതയുള്ള പോർട്ടുഗീസുകാർക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. രാജാവിന്റെ മതം പ്രജകളുടെയും മതം എന്ന മട്ടിലുള്ള ഏകതാനവും അതികേന്ദ്രീകൃതവുമായ പാശ്ചാത്യരാഷ്ട്രീയ പ്രവണതകളിൽ നിന്ന് വിമുക്തമായിരുന്ന കേരളത്തിലെ ബഹുഭാവ സമൂഹത്തിൽ നസ്രാണികളുടെ പാശ്ചാത്യീകരണം മതകൊളോണിയലിസമായി പരിണമിച്ചതിന്റെ ഫലമായിരുന്നു ഉദയംപേരൂർ സൂനഹദോസ്.

ഉദയംപേരൂർ സൂനഹദോസ് ഒറ്റപ്പെട്ട ഒരു സംഭവമല്ല. വെള്ളക്കാരായ മിഷനറിമാർ ചെന്നെത്തിയ പാശ്ചാത്യരാജ്യങ്ങളിലെല്ലാം ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. യുജിൻ നൈഡ പറയുന്നതനുസരിച്ച് It has been hard for some to see why their own culture should not be carted bag and baggage to every part of the world and these imitated by devoted adher- ents of the way of life'.

ഇങ്ങനെയൊക്കെയാണെങ്കിലും പൈശാചികമായ ചില അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ബന്ധിതരായിരുന്ന കേരള ക്രിസ്ത്യാനികളിൽ പരിഷ്കരണോൻമുഖമായ ചില പരിവർത്തനങ്ങൾക്ക് നാന്ദി കുറിക്കാൻ സൂനഹദോസ് കാനോനകൾ സഹായകമായി എന്നതിൽ സംശയമില്ല. പ്രാർത്ഥനകൾ സുറിയാനിഭാഷയിൽ നിന്ന് മാറ്റി മലയാളഭാഷയിൽ വേണം എന്ന തീരുമാനം നോക്കുക. അർത്ഥമറിയാതെ വേദതത്വങ്ങൾ ഉരുവിടുന്നത് വിഡ്ഢിത്തമാണെന്നുള്ള തിരിച്ചറിവാണ് ഇങ്ങനെയൊരു

തീരുമാനം കൈക്കൊള്ളുവാൻ ഇടയാക്കിയത്. സാമൂഹിക പരിഷ്കരണോൻമുഖമായ കാനോനകളിൽ ചിലത് ചേർക്കുന്നു.

**1) മൂന്നാം യോഗവിചാരം 6-ാം കല്പന**

കാവ്യർ ഉപേക്ഷിക്കുന്ന കുഞ്ഞുങ്ങളെ എടുത്തുവളർത്തണം

അന്ധവിശ്വാസങ്ങളുടെ ആധിക്യം ഒരു സമൂഹത്തിന്റെ മനഃസാക്ഷിയെ എത്രമാത്രം ഗ്രസിച്ചിരിക്കുന്നു എന്നതിന് തെളിവായിരുന്നു പൊല്ലാത്ത നാൾ പിറക്കുന്ന കിടാങ്ങളെ കൊന്നുകളകതാൻ, ആർക്കാനും കൊടുത്തുകളകതാൻ എന്നുള്ള വിശ്വാസം. അങ്ങനെ ആരെങ്കിലും ചെയ്യുന്നതായി അറിഞ്ഞാൽ ഈ കുഞ്ഞുങ്ങളെ എടുത്തുവളർത്തണമെന്നും മറ്റു കുഞ്ഞുങ്ങൾക്ക് ലഭ്യമായ ജീവിത സാഹചര്യങ്ങളും വിദ്യാഭ്യാസ സൗകര്യങ്ങളും ആ കുഞ്ഞിനും ലഭ്യമാക്കണമെന്നും കാനോനകളിൽ പറയുന്നു. ജീവകാരുണ്യപരമായ ഈ തീരുമാനം പ്രശംസനീയം തന്നെ.

**2) 3-ാം യോഗം 10-ാം കാനോന**

പ്രായം ചെന്നേ പെങ്കെട്ട് അനുവദിക്കാവൂ

സ്വാമി വിവേകാനന്ദന്റെയും മറ്റും നേതൃത്വത്തിൽ നടന്ന അശ്രാന്തപരിശ്രമങ്ങൾ ശൈശവ വിവാഹത്തിന്റെ നിരർത്ഥകത സമൂഹത്തെ ബോധ്യപ്പെടുത്താൻ വളരെ സഹായകമായി, നൂറ്റാണ്ടുകൾ മുൻപുണ്ടായ കാനോനകളിലും അതിനുള്ള കല്പനകൾ ഉണ്ടായിരുന്നു.

കെട്ടുന്ന ചെറുക്കന് പതിന്നാൽ വയസ്സ തെകഞ്ഞ ആകാവൂ എന്നും പെണ്ണിനെ പന്തിരണ്ട തെകഞ്ഞെ ആകാവൂ. എന്നും ഇവ്വണ്ണം പ്രായം തെകയാതെ കെട്ടുവാൻ അനുവാസം ചൈതുകൂടാ എന്നറിക . എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഈ നിയമത്തിൽ ലേശം ഇളവ് അനുവദിക്കുന്നു. പെൺകെട്ടിന് വെണ്ടുന്നവശം അവർക്ക ഒണ്ടംകിൽ ചെറുക്കന്ന തെകയെണ്ടുന്ന വയസ്സിൽ 4 മാസത്തക്ക മുൻപെയും പെണ്ണിന്ന തെകയുണ്ടെന്ന വയസ്സിൽ 6 മാസത്തെക്ക മുൻപെയും കെട്ടുവാൻ അനുവാസം ചെയ്യാം .

ശൈശവവിവാഹത്തിന്റെ പ്രചാരം മൂലം ഉണ്ടായ സാമൂഹികാപചയത്തിൽ നിന്ന് സമൂഹത്തെ രക്ഷിക്കാനുള്ള ശ്രമമായി ഈ കല്പനകളെ കണക്കാക്കാം.

**3) 3-ാം യോഗം 11-ാം കാനോന**

വിവാഹിതർ പിരിഞ്ഞുതാമസിച്ചുകൂടാ

മലംകരെ എടവകയിൽ കെട്ടിയിരിക്കുന്നതിലോ ചെലരെ കെട്ടിയവനും കെട്ടിയവളും തങ്ങളിൽ പിരിഞ്ഞ ഇരുന്ന പല ദോഷങ്ങളിൽ പൂകുന്നു എന്ന ഇ സൂനഹദോസ അറിഞ്ഞതിനെക്കൊണ്ട പ്രാശ്യത്വത്താലെ തങ്ങളിൽ വീണ്ട ഒരുമിച്ചിരുന്ന പെലരണം എന്ന പ്രമാണിക്കുന്നു .

വേർപിരിഞ്ഞുള്ള താമസം വിവാഹിതർക്കും അവരുടെ കുട്ടികൾക്കും ദോഷകരമായ പ്രശ്നങ്ങൾ ഉണ്ടാവാൻ കാരണമാവും എന്ന് മുൻകൂട്ടി അറിഞ്ഞ് കല്പിക്കുന്നു.

4) **3-ാം യോഗം 13-ാം കാനോന**

ബഹുഭാര്യാത്വത്തിനെതിരെ....

ഈ എടവകയിൽ ചെല നസ്രാണര പെണ്ണുകെട്ട എന്ന കുദാശെടെ മെനിക്ഷയം വരുത്തി പല സ്ത്രീകളെ പള്ളിയും പട്ടക്കാരും അറിഞ്ഞകെട്ടി എന്ന് ശുദ്ധമാനസുനഹദോസ അറിഞ്ഞാറെ വിഗാരികളൊട പ്രമാണിക്കുന്നു. തന്റെ തന്റെ എടവകയിൽ ഇത്തരക്കാരെ ഒണ്ടൊ എന്ന ചികഞ്ഞിച്ച അറിഞ്ഞ അവിരൊട വെണ്ടുന്നത എല്ലാം പറഞ്ഞ എല്ലായിലും നടെ കെട്ടിയാളെ പെലർത്തുമാറ ആകണം .

5) **7-ാം യോഗം 1-ാം കാനോന**

പെലകുളി, പുളികുടികല്യാണം തുടങ്ങിയവ വിലക്കുന്നു.

പല മരിയാതകളിലും ലോകരുടെ എടയിൽ നിന്ന് ഏറെ നീക്കെണ്ടുന്ന മരിയാതകൾ ആകുന്നത്..... ശുദ്ധമാനസുനഹദൊാസ ഇപറഞ്ഞ തിൻമകളെക്കൊണ്ട എടവകയിന്ന നീക്കി മാർഗ്ഗത്തിലെ വെടിപ്പിന്നും തുമയിലും നീക്കണം എന്ന പ്രമാണിക്കുന്നത്... നീക്കിക്കളെയെണ്ടുന്ന തണ്ട്യമരിയാതകളീന്ന ഒന്ന ആകുന്നത്; പെല കുളിക്കുന്നത്- ഒരുത്തര മരിച്ചാൽ അവരുടെ ഒടയവര കുളിക്കായ്കിൽ ദൊഷം എന്ന കൽപിച്ച കുളിക്കുന്ന കുളി പെണ്ണുകെട്ടിന്നും മറ്റു ചെല വിശെഷത്തിനും നെലൊണ വീഴ്ത്തുന്നതും..... ശുദ്ധമാനസുനഹദോസിന്ന ഇതിനെ പൊറത്ത കളഞ്ഞ ഇത്തരം ആരും ചൈകയും അരുത എന്ന അപെക്ഷ ആകുന്നു .

സവർണനോടു മാത്രമല്ല. അചേതന വസ്തുക്കളോടുപോലും കീഴ്ജാതിക്കാരന് അയിത്തം കൽപിച്ചിരുന്നു. തൊട്ടാലും തീണ്ടിയാലും ജനിച്ചാലും മരിച്ചാലും ഒക്കെ ദോഷം കൽപിച്ചിരുന്ന ഒരു അപരിഷ്കൃത സമൂഹത്തിൽ നടന്ന നവോത്ഥാനപ്രക്രിയകളായി ഈ കല്പനകളെ കരുതാം.

6) **7-ാം യോഗം 2-ാം കാനോന**

തീണ്ടിക്കുളി വിലക്കുന്നു.

തണ്ട്യമരിയാതെ ആകുന്ന തീണ്ടിക്കുളിയും തീണ്ടുന്നത് ദൊഷവും എന്ന കൽപിച്ച തീണ്ടുന്നവരെ വരകയും ചൈയ്യുന്നത മാറണം എന്ന അത്രെ അപെക്ഷ. ..... എന്നാൽ മലംകര നസ്രാണിമാപ്പിളമാര, ഇതുപ്രകാരം നടക്കണ്ട .

(1)കൊടിത്തൂവപോലെ തൊട്ടേടത്തൊക്കെ ചൊറിച്ചിലുണ്ടാക്കുമെന്ന് കരുതിയിരുന്ന അയിത്തത്തിന്റെയും തീണ്ടിക്കുളിയുടെയും നിരർത്ഥ കതയ്ക്കെതിരെയുള്ള ചാട്ടവാറായി ഈ കല്പന നിലകൊള്ളുന്നു.

7) **7-ാം യോഗം 3-ാം കാനോന**

ശുദ്ധാശുദ്ധങ്ങൾക്കെതിരെ.....

ചെലടത്ത നസ്രാണിമാപ്പിളമാരിടെ കൊളം എംകിലും കിണറ എംകിലും കമ്മാളര തൊട്ടു എംകിൽ മലയാളര ചൈയുന്ന ക്രിയ ചൈത പുണ്യമാകുമാറ ആകുന്നത പട്ടാങ്ങക്കും മാർഗ്ഗത്തിന്റെ വെടിപ്പിനും മറുത്ത ആകുന്ന എന്നതിനെക്കൊണ്ട അങ്ങിനെ ചൈയുന്നവരെ പള്ളിക്കും പള്ളിക്ക അടുത്ത വസ്തുക്കളീന്നും പൊറത്ത നിറുത്തണം .

ജാത്യഭിമാനം തലയിൽക്കേറ്റി കാവ്യർ ചെയ്യുന്ന ശുദ്ധമാക്കൽ കർമ്മങ്ങളിൽ നിന്ന് നസ്രാണി വിട്ടുനിൽക്കണം എന്ന് സുനഹദോസ്. 18-ാം നൂറ്റാണ്ടിലെത്തിയപ്പോഴേയ്ക്കും നസ്രാണിയെക്കൊണ്ട് അശുദ്ധം മാറ്റിക്കുന്ന നിലയിലെത്തി കേരളീയസമൂഹം.

തൈലാദിവസ്തുക്കളശുദ്ധമായാൽ

പൗലോസുതൊട്ടാലതുശുദ്ധമാകും .

8) **7-ാം യോഗം 6-ാം കാനോന**

മൃഗബലി പാടില്ല

പാടിക്കയും തുള്ളിക്കയും കോഴി അറുത്ത് ബലി കൊടുക്കുകയും ചെയ്യുന്നവർക്ക്

**മഹറോൻ....**

ഇത്തരം പ്രവൃത്തികൾ തന്റെ സ്ഥലത്തെ എംകിലും ആരാന്റെ സ്ഥലത്തെ എംകിലും അത്തരം പ്രവൃത്തിപ്പാൻ സ്ഥലം കൊടുക്കുന്നു എംകിലും അത ഈവണ്ണം ചെയുന്നു എംകിലും അപ്പോൾ തന്നെ അവർക്ക് മഹറോൻ .

മഹറോൻ = സഭയിൽനിന്ന് വിടുതൽ ചെയ്യൽ

9) **7-ാം യോഗം 7-ാം കാനോന**

അന്യായപ്പലിശ പാടില്ല

നിങ്ങൾ തമ്മിൽത്തമ്മിൽ ഉഭയം കൂടാതെ വായ്പ കൊടുപ്പിൻ എന്നും മർത്തൊള്ള ദൊഷം ആകുന്നത് എന്നും ഇ എടവകയിലെ നസ്രാണികളിൽ പലരും എങ്ങിനെ വായിപ്പ കൊടുക്കെണ്ടു എന്നും അതിന്ന ഇന്നതിന്ന ഇന്ന ഉഭയം വാങ്ങെണ്ടു എന്നും ഇന്നത അരുത എന്നും ഇന്നത വീണ്ടുകൊടുത്തെ മതിയാവു എന്നും അറിയാതെ ദൊഷം കൊണ്ട വലയുന്നു എന്നതിനെക്കൊണ്ട ശുദ്ധമാനസൂനഹദോസിന് അധികം ദുഃഖം ഉണ്ട്.

കരിഞ്ചന്തയും കൊള്ളിവയ്പും അന്യായപ്പലിശയും ഇന്നും സമൂഹത്തിന്റെ തീരാശാപങ്ങളായി നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ 16-ാം നൂറ്റാണ്ടിൽ ഉണ്ടായ കൽപനകൾ എത്രയോ പുരോഗമനോൻമുഖമായിരുന്നുവെന്ന് കരുതണം.

10) **7-ാം യോഗം 10-ാം കനോന**

അടിമകളുടെ കാര്യത്തിൽ ശ്രദ്ധവേണം.

അധികാരവും സമ്പത്തും ഔന്നത്യവും ഇല്ലാത്ത മനുഷ്യന്റെ മേൽ ഉള്ളവൻ നടത്തുന്ന പൈശാചിക കൈയ്യേറ്റമായി അടിമസമ്പ്രദായത്തെ മനസ്സിലാക്കാൻ സൂനഹദോസിന് കഴിഞ്ഞിരുന്നു. തങ്ങളുടെ അടിയാളരുടെയും വെള്ളാട്ടികളുടെയും ചിറ്റാഴ്മക്കാരുടെയും ചിലവും പുലർച്ചയും എങ്ങിനെ എന്ന സൂക്ഷിച്ചുകൊള്ളണം എന്ന അപേക്ഷി ക്കുന്നു....

11) 7-ാം യോഗം 13-ാം കാനോന

നസ്രാണികൾ കാവ്യരുടെ സത്യപരീക്ഷകൾക്ക് തയ്യാറാകരുത്; കൂട്ടുനിൽക്കുകയുമരുത്.

തിളച്ച എണ്ണയിൽ കൈമുക്കൽ തുടങ്ങിയ സത്യപരീക്ഷകളിലെ അർത്ഥശൂന്യത സൂനഹദോസ് മുമ്പേ കണ്ടറിഞ്ഞിരുന്നു.

മലംകര എടവകയിൽ ....... ഏതാനും പെഴച്ചതോ ഇല്ലയോ എന്നറിവാൻ അവരെക്കൊണ്ടു വെരൽ മുക്കിക്കയും മഴു എടുപ്പിക്കയും നീന്തിത്തെളിവാൻ ഒള്ള എടത്തിൽ നീന്തിക്കയും ...... ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു. നസ്രാണികൾ ആരാനും ഇത്തരം തെളിവിനെ തങ്ങൾ ആം എന്ന ചൊല്ലരുത എന്ന .

12) 7-ാം യോഗം 15-ാം കാനോന

പെൺമക്കൾക്ക് അനന്തരാവകാശം നൽകണം

മലംകര എടവകയിലെ ആൺമക്കൾക്ക് മാത്രം അനന്തരാവകാശം കൊടുത്തിരുന്നതിനെ സൂനഹദോസ് എതിർക്കുന്നു. മരിക്കുന്നവർക്ക് പെൺമക്കൾ മാത്രമാണ് ഉള്ളതെങ്കിൽകൂടി പെൺമക്കൾക്ക് അനന്തരാവകാശം കൊടുത്തിരുന്നില്ല.

ഇത് തെറ്റാണെന്നും പിതൃസ്വത്തിൽ ആൺമക്കൾക്കും പെൺമക്കൾക്കും തുല്യാവകാശം ഉണ്ടെന്നും സൂനഹദോസ് നിരീക്ഷിക്കുന്നു. ആൺമക്കൾക്ക് കച്ചവടത്തിനും പെൺമക്കൾക്ക് സ്ത്രീധനമായി കൊടുത്ത മുതലും കൂടി ഉൾക്കൊള്ളിച്ചുവേണം സ്വത്തുവിഭജനം നിർണ്ണയിക്കാനെന്നും സൂചിപ്പിച്ചിരിക്കുന്നു.

സ്ത്രീപുരുഷ സമത്വം എന്ന കാഴ്ചപ്പാട് ഇവിടെ വ്യക്തമാണ്.

13) 7-ാം യോഗം 17-ാം കാനോന

അളവുതൂക്കവെട്ടിപ്പുകൾക്കെതിരെ........

മലംകര എടവകയിൽ ഒള്ള കച്ചവടക്കാരുടെ പക്കൽ വിപ്പാനും കൊള്ളുവാനും വെവ്വേറെ അളവും തൂക്കവും ഒണ്ടെന്ന അറിഞ്ഞതിനെക്കൊണ്ട പ്രമാണിക്കുന്നു. ഓരൊരോ ദേശത്തെ മരിയാതക്കതക്കവണ്ണം അതത അങ്ങാടിയിൽ എല്ലാ വീട്ടിലും ഒരുപോലെ ഒള്ള അളവും തൂക്കവും -കൊള്ളുവാനും കൊടുപ്പാനും ആവൂ .

അളവുതൂക്കകൃത്രിമങ്ങളും മായംചേർക്കലും മറ്റും സുലഭമായ ഇക്കാലത്തും ഈ കാനോനകൾക്ക് സാധുത്വം ഉണ്ടെന്നുള്ളത് നിസ്തർക്കമാണ്.

ഇങ്ങനെ നോക്കുമ്പോൾ കാനോനകളിൽ മഹത്തായ ഒരു സാംസ്കാരികവ്യവഹാരം കാണുവാൻ കഴിയും. [2]കേരളത്തിലെ പഴകിയുറച്ച കർക്കശമായ ജാതിവ്യവസ്ഥകൾ, സാമൂഹിക അസമത്വങ്ങൾ എന്നിവയ്ക്കെതിരെ സധൈര്യം ശബ്ദമുയർത്താനും നിയമങ്ങളുണ്ടാക്കാനും സൂനഹദോസിന് സാധിച്ചു.

[3]കാലത്തിന്റെ ഗതിവിഗതികളിലൂടെ സ്വന്തം അസ്തിത്വം നിലനിർത്തിപ്പോരുന്ന ഒരു ജനത അതിന്റെ സങ്കീർണ്ണമായ അനുഭവസഹസ്രങ്ങളിൽ നിന്ന് ചികഞ്ഞെടുത്ത് സംഭരിച്ച്, സംരക്ഷിച്ച് പോരുന്ന നേട്ടങ്ങളുടേയും കോട്ടങ്ങളുടെയും ആകെത്തുകയാണ് പാരമ്പര്യം. ഇപ്രകാരം സുറിയാനിക്കാർക്ക് പാരമ്പര്യസിദ്ധമായിരുന്ന ചില സവിശേഷതകൾ കൈമോശം വന്നുപോകാനും സൂനഹദോസ് കാരണമായി എന്ന സത്യം വിസ്മരിച്ചുകൂടാം.

മാമോദീസായെന്ന സഭാപ്രവേശനകർമ്മത്തിന്റെ പ്രാർത്ഥനകൾ മലയാളഭാഷയുടെ തനതുശൈലിയായ കർത്തരിപ്രയോഗത്തിൽ തന്നെയാക്കുക, കേരള ക്രൈസ്തവ സമൂഹത്തിൽ ആദ്യകാലം മുതൽ ഉണ്ടായിരുന്നതും തികച്ചും ഭാരതീയവും [4]വാദ്യപ്പുരകൾ തന്നെ കെട്ടി നടത്തി വന്നിരുന്നതുമായ തിരുനാൾമേളം, വാദ്യഘോഷങ്ങൾ, ഹൈന്ദവപാരമ്പര്യമായ ഭജനയിരിക്കൽ (തപസ് ധ്യാനങ്ങൾ) കേരളീയരുടെ തദ്ദേശീയ ഉത്സവമായ [5]ഓണം ആഘോഷമായി കൊണ്ടാടുക, [6]വെഞ്ചരിച്ച നൂലുകൾ ശരീരത്തു ധരിക്കുക, കഥകളി, തുള്ളൽ, കൂത്ത് തുടങ്ങിയ കേരളീയദൃശ്യകലകളുടെ അഭിനയവും പഠനവും തുടങ്ങിയവ സാംസ്കാരിക പ്രാധാന്യമുള്ളതും പുനഃപ്രതിഷ്ഠ നേടിക്കൊണ്ടിരിക്കുന്നതുമായ പാരമ്പര്യങ്ങളാണ്. 16-ാം നൂറ്റാണ്ടിലെ കേരളീയസമൂഹത്തിൽ അനിവാര്യമായിരുന്ന ഒരു നവോത്ഥാനത്തിന് പ്രേരകമാകാൻ സൂനഹദോസിന്റെ തീരുമാനങ്ങൾക്ക് കഴിഞ്ഞു. അതിന്റെ സത്ഫലങ്ങൾ ഇന്നും ഈ സമൂഹം അനുഭവിക്കുന്നു.

***References***

ഗോപാലകൃഷ്ണൻ പി.കെ., സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങൾ - കേരളചരിത്രം വാല്യം 1, പുറം 1195

ആന്റണി ഇ.വി. ലത്തീൻ കത്തോലിക്കർ. കേരളചരിത്രം രണ്ടാംവാല്യം . കേരള ഹിസ്റ്ററി അസോസിയേഷൻ 1974 പുറം.467

രാമചന്ദ്രൻനായർ കെ. പാരമ്പര്യവും ആധുനികതയും ആശാന്റെ കവിതയിൽ രേഖാരൂപം സാഹിത്യപ്രവർത്തക സഹകരണസംഘം - കോട്ടയം 1970. പുറം. 103.

Velliyan Jacob: 'The beginnings of Latinization of the Malabar Liturgy' (1599-1606) A dissertation P11,12

***About the Author:***

**Jomol Jose,** Assistant Professor of Malayalam, St. Aloysius College, Edathua